**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3988** **21.06.2019-ൽ മറുപടിയ്ക്ക്**

കൊല്ലം ഡി.ടി.പി.സി.ക്ക് പദ്ധതികൾക്ക് അനുവദിച്ച തുക

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിൽ കൊല്ലം ഡി.ടി.പി.സി.ക്ക് പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷം 5,18,40,000/- രൂപയും 2017-18 സാമ്പത്തിക വർഷം 6,38,84,335/- രൂപയും അനുവദിച്ചു. |
| ബി) | പ്രസ്തുത തുക ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ; | ബി) | <u>1) താന്നി ബീച്ച് വികസനം:</u><br>താന്നി ബീച്ച് വികസനത്തിന് 68.40 ലക്ഷം രൂപ അനുവദിച്ചു. വോക്ക് വേ, ഗ്യാലറി, പടിപ്പുര ഓപ്പൺ സ്റ്റേജ്, ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെട്ട പദ്ധതി പൂർത്തിയാക്കി.<br><u>2) ആശ്രാമം നടപ്പാതയുടെ നവീകരണം മൈതാനം സൗന്ദര്യവത്കരണം:</u><br>ആശ്രാമം നടപ്പാതയുടെ നവീകരണത്തിനും മൈതാനം സൗന്ദര്യവത്കരണത്തിനുമായി 1.50 കോടി രൂപ അനുവദിച്ചു. നടപ്പാത നവീകരണം, ഇരിപ്പിടങ്ങൾ, മരങ്ങൾ വച്ചു പിടിപ്പിക്കുക, ഇലക്ട്രിക്കൽ വർക്ക്, ലാന്റ് സ്കേപ്പിങ്, ശില്പങ്ങളുടെ പാർക്ക്, മറ്റ് സൗന്ദര്യവത്കരണം തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. 90% പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><u>3) മലമേൽപ്പാറ:</u><br>ഷോപ്പുകൾ, കഫറ്റേരിയ, സ്ട്രീറ്റ് ലൈറ്റ്, പ്ലംബിങ്, ഫെൻസിങ്, ലാൻഡ് സ്കേപ്പിങ്, ടെലിസ്കോപ്പ് വൈദ്യുതീകരണം എന്നിവയ്ക്കായി 3 കോടി രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br><u>4) പരവൂർ പൊഴിക്കര ബീച്ച് വികസനം:</u><br>ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ഷെൽറ്റർ, ലാൻഡ് സ്കേപ്പിങ്, നിലവിലുള്ള കുട്ടികളുടെ പാർക്കിന്റെ നവീകരണം, സൈക്കിൾ ട്രാക്ക്, കനാൽ വികസനം, സൈൻ ബോർഡ് തുടങ്ങിയവയ്ക്കായി 2 കോടി രൂപ അനുവദിച്ചു. |

| | | | |
|---|---|---|---|
| | | | 5) ഹാംഗർ പ്രോജക്ട്:<br>ആശ്രാമം മൈതാനത്തിന്റെ സമീപത്തുള്ള ഹാംഗർ യൂണിറ്റിനായി നിർമ്മിച്ച്, പണി പൂർത്തിയാവാത്ത കെട്ടിടം അറ്റകുറ്റപണികൾ ചെയ്ത് ലേസർ കം വീഡിയോ ഷോ നടത്താനും ചുറ്റമതിൽകെട്ടി സംരക്ഷിക്കാനുമായി 80 ലക്ഷം രൂപ അനുവദിച്ചു. ടോയലറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, കോഫി ഷോപ്പ്, ഫെൻസിങ്, ലാൻഡ് സ്കേപ്പിങ്, വൈദ്യുതീകരണം, നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. 50% പണികൾ പൂർത്തീകരിച്ചു<br>6) സൈൻ ബോർഡ്:<br>കൊല്ലം ജില്ലയിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ദിശാസൂചന ബോർഡ് സ്ഥാപിക്കാൻ വേണ്ടി 13,98,300/- രൂപ അനുവദിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>7) മുട്ടറ മരുതുമല പ്രോജക്ട്:<br>മുട്ടറ മരുതുമല പദ്ധതിക്ക് 44,86,035/- രൂപ അനുവദിച്ചു. പ്രവേശന കവാടം, നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപണി, കൈവരി, ഫെൻസിങ്, കുഴൽകിണർ, പ്ലംബിങ്, വൈദ്യുതീകരണം എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ . പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br>8) പുനർജനി കയിലോൺ ഇക്കോപാർക്ക് പദ്ധതി:<br>അഷ്ടമുടിക്കായിലിനും ആശ്രാമം മൈതാനത്തിനുമടുത്തുള്ള സ്ഥലത്തെ മാലിന്യ കേന്ദ്രം ഒഴിവാക്കി വിനോദ സഞ്ചാര കേന്ദ്രമാക്കാനുള്ള ഈ പദ്ധതിക്ക് 3 കോടി രൂപ അനുവദിച്ചു. ഷോപ്പുകൾ, ടോയലറ്റ് ബ്ലോക്ക്, തിയേറ്റർ, ഇലക്ട്രിഫിക്കേഷൻ, പ്രതിമകൾ, കളി ഉപകരണങ്ങൾ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. നിർമ്മാണ ജോലികൾ പുരോഗമിച്ചു വരുന്നു. |
| സി) | നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിവരവും ആയതിനുവേണ്ടി അനുവദിച്ച തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും നൽകുമോ? | സി) | നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ ഇല്ല. |

സെക്ഷൻ ഓഫീസർ